ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.12.2025** **TIME : 12.50 P M**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പശ്ചിമ ബംഗാൾ പര്യടനത്തിന് തുടക്കമായി ; 3,200 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കമിടും ; ഉച്ചക്ക് ശേഷം അസം സന്ദർശിക്കും.

   **Prime Minister Narendra Modi's West Bengal tour begins; Projects worth Rs 3,200 crore to be launched ; Will visit Assam in the afternoon.**

2) ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്റെ തെലങ്കാന, മധ്യപ്രദേശ് പര്യടനത്തിന് ഇന്ന് തുടക്കം.

   **Vice President C.P.Radhakrishnan's Telangana and Madhya Pradesh tour begins today.**

3) ഉത്തരേന്ത്യയിലെ മൂടൽമഞ്ഞിനെ തുടർന്നുണ്ടാകുന്ന വിമാനസർവീസ് മാറ്റങ്ങളിൽ യാത്രക്കാർക്ക് വേണ്ട സൗകര്യമൊരുക്കുന്നതിന് വിമാനക്കമ്പനികൾക്ക് സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ നിർദേശം.

   **Civil Aviation Ministry instructs airlines to provide necessary facilities to passengers in the flight service changes due to fog in North India.**

4) അന്തരിച്ച നടൻ ശ്രീനിവാസന് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം ; സംസ്കാരം നാളെ എറണാകുളം കണ്ടനാട്ടിൽ.

   **Kerala pays last respects to late actor Srinivasan; Funeral tomorrow in Ernakulam Kandnadu.**

5) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ.

**Oath-taking of elected members of local bodies in the state tomorrow.**

6) അണ്ടർ-19 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ, നാളെ നടക്കുന്ന ഫൈനലിൽ ഇന്ത്യ-പാകിസ്ഥാൻ പോരാട്ടം.

**India-Pakistan clash in the final of the Under-19 Asia Cup cricket tomorrow.**

*******************************************

## PM-ASSAM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പശ്ചിമ ബംഗാൾ പര്യടനത്തിന് തുടക്കമായി. നാദിയ ജില്ലയിലെ റാണാഘട്ടിൽ ദേശീയ പാത പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും അൽപസമത്തിനകം പ്രധാനമന്ത്രി നിർവഹിക്കും. പശ്ചിമ ബംഗാളിൽ 3,200 കോടി രൂപ ചെലവ് വരുന്ന രണ്ട് ദേശീയ പാത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലുമാണ് പ്രധാനമന്ത്രി നിർവഹിക്കുന്നത്. തുടർന്ന് രണ്ട് ദിവസത്തെ സന്ദർശനത്തിനായി ആസാമിലേയ്ക്ക് പോകുന്ന ശ്രീ മോദി സംസ്ഥാനത്ത് ഏകദേശം 15,600 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കും.- ഗുവാഹത്തിയിലെ ലോകപ്രിയ ഗോപിനാഥ് ബർദോലോയ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ 4000 കോടി രൂപചിലവിൽ നിർമിച്ച അത്യാധുനിക ബാംബൂ ഓർക്കിഡ് ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി രാജ്യത്തിനു സമർപ്പിക്കും. നാളെ, പരീക്ഷ പേ ചർച്ച പരിപാടിയിൽ സ്കൂൾ വിദ്യാർത്ഥികളുമായും പ്രധാനമന്ത്രി സംവദിക്കും.

*******************************************

## VP-TELANGANA-MP

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻറെ തെലങ്കാന, മധ്യപ്രദേശ് സന്ദർശനം ഇന്ന് ആരംഭിക്കും. ഇന്ന്, ഹൈദരാബാദിൽ നടക്കുന്ന പബ്ലിക് സർവീസ് കമ്മീഷൻ ചെയർപേഴ്സൺമാരുടെ ദേശീയ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും.

നാളെ, നന്ദിഗമയിലെ ഹാർട്ട്ഫുൾനെസ് ഗ്ലോബൽ ആസ്ഥാനത്ത് നടക്കുന്ന ലോക ധ്യാന ദിനാഘോഷത്തിലും അദ്ദേഹം പങ്കെടുക്കും. തുടർന്ന്, അടൽ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന അടൽ ബിഹാരി വാജ്പേയിയുടെ ജന്മ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കാൻ ഉപരാഷ്ട്രപതി മധ്യപ്രദേശിലെ ഇൻഡോറിലെത്തും.

***********************************

## PM-AMIT SHAH

സശസ്ത്ര സീമാ ബല്ലിന്റെ 62-ാം സ്ഥാപക ദിനത്തിൽ എല്ലാ സേനാംഗങ്ങൾക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. എസ്എസ്ബിയുടെ അചഞ്ചലമായ സമർപ്പണം സേവനത്തിന്റെയും ത്യാഗത്തിന്റെയും ഉയർന്ന പാരമ്പര്യത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് സാമൂഹ്യ മാധ്യമ കുറിപ്പിൽ പ്രധാനമന്ത്രി പറഞ്ഞു. സേനയുടെ സ്ഥാപക ദിനത്തിൽ സശസ്ത്ര സീമാ ബൽ സേനാംഗങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആശംസകൾ നേർന്നു. സശസ്ത്ര സീമാ ബൽ എപ്പോഴും രാജ്യത്തിന് അഭിമാനമാണെന്ന് സാമൂഹ്യ മാധ്യമ കുറിപ്പിൽ ശ്രീ ഷാ പറഞ്ഞു.

***********************************

## CIVIL AVIATION MINISTRY-FOG

മൂടൽമഞ്ഞും വിമാന പ്രവർത്തനങ്ങളെ ബാധിക്കുന്ന കുറഞ്ഞ ദൃശ്യപരത സാഹചര്യങ്ങളും കണക്കിലെടുത്ത്, യാത്രക്കാർക്ക് സൗകര്യമൊരുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് സിവിൽ ഏവിയേഷൻ മന്ത്രാലയം എല്ലാ വിമാനക്കമ്പനികൾക്കും നിർദ്ദേശം നൽകി. സമയബന്ധിതവും കൃത്യവുമായ ഫ്ലൈറ്റ് വിവരങ്ങൾ ഉറപ്പാക്കാനും, ദീർഘനേരം വൈകുമ്പോൾ ഭക്ഷണവും ലഘുഭക്ഷണവും നൽകാനും, റദ്ദാക്കലുകൾ ഉണ്ടായാൽ റീബുക്കിംഗ് അല്ലെങ്കിൽ റീഫണ്ട് സൗകര്യം ഒരുക്കാനും വിമാനക്കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രാലയം അറിയിച്ചു.

*****************************************

## SRINIVASAN-INTRO

പ്രശസ്ത ചലച്ചിത്രതാരവും സംവിധായകനും തിരക്കഥാകൃത്തുമായ അന്തരിച്ച നടൻ ശ്രീനിവാസന് കേരളത്തിൻറെ ആദരാഞ്ജലി. സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയരംഗത്തെ പ്രമുഖർ അനുശോചനം രേഖപ്പെടുത്തി. മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷനേതാവ് വി.ഡി സതീശൻ, മോഹൻ ലാൽ, സത്യൻ അന്തിക്കാട്, മുകേഷ് തുടങ്ങിയവരും അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖം രേഖപ്പെടുത്തി. കൊച്ചി കണ്ടനാട്ടെ വീട്ടിൽ പൊതുദർശനത്തിന് വെച്ച ഭൗതികശരീരത്തിൽ മമ്മൂട്ടി ഉൾപ്പെടെയുള്ള പ്രമുഖർ ബാഷ്പാഞ്ജലി അർപ്പിച്ചു. ഉച്ചക്ക് ശേഷം എറണാകുളം ടൗൺ ഹാളിലാണ് പൊതുദർശനം. 200 ഓളം സിനിമകളിൽ അഭിനയിച്ചിട്ടുള്ള അദ്ദേഹം ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

(വോയിസ്)

സംസ്കാരം നാളെ രാവിലെ 10 മണിക്ക് വീട്ടുവളപ്പിൽ നടക്കും. ഇന്ന് രാവിലെ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലായിരുന്നു 69 കാരനായിരുന്ന ശ്രീനിവാസിൻറെ വിടവാങ്ങൽ. നടൻമാരായ വിനീത്, ധ്യാൻ എന്നിവർ മക്കളാണ്.ദീർഘനാളായി ചികിൽസയിലായിരുന്നു.

*****************************************

## BUDGET- MYGOV

ഫെബ്രുവരിയിൽ അവതരിപ്പിക്കാനിരിക്കുന്ന 2026-27 ബജറ്റിനായി പൗരന്മാരിൽ നിന്ന് നിർദ്ദേശങ്ങളും ആശയങ്ങളും ക്ഷണിച്ച് കേന്ദ്ര സർക്കാർ. എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയും ദേശീയ വികസനവും വളർത്തിയെടുക്കുന്നതിനൊപ്പം ജനങ്ങളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും പ്രതിഫലിപ്പിക്കുക എന്നതാണ് ഈ

നീക്കത്തിന്റെ ലക്ഷ്യം. നിർദ്ദേശങ്ങൾ www.mygov.in എന്ന പോർട്ടലിലേക്ക് അയയ്ക്കാം.

***************************************

## INDIA NETHERLANDS MOU

ഇന്ത്യ-നെതർലൻറ്സ് സംയുക്ത വ്യാപാര നിക്ഷേപ കമ്മിറ്റി രൂപീകരി ക്കാൻ ഇരു രാജ്യങ്ങളും തമ്മിൽ ധാരണയായി. ഇരു രാജ്യങ്ങൾക്കു മിടയിലെ ഉഭയകക്ഷി വ്യാപരം, നിക്ഷേപം, സാമ്പത്തിക സഹകരണം എന്നിവ മെച്ചപ്പെടുത്തുന്നതിനാണ് ധാരണാ പത്രത്തിൽ ഒപ്പ് വെച്ചത്. ഡച്ച് വിദേശ കാര്യ മന്ത്രിയുടെ ഇന്ത്യാ സന്ദർശനത്തിൻറെ പശ്ചാത്തല ത്തിലാണ് പ്രഖ്യാപനം.

***************************************

## AKSHAVANI – DOORADARSHAN

പ്രാദേശിക ഭാഷകളിലെ പൊതുസേവന പ്രക്ഷേപണം ആകാശവാണി ദൂരദർശൻ ശൃംഖലകളിലൂടെ ശാക്തീകരിച്ചതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ. എൽ. മുരുകൻ. അടങ്കൽ തുകയായ 2,539.61 കോടി രൂപയുടെ വിനിയോഗത്തിലൂടെ പ്രസാർ ഭാരതിയുടെ ആധുനികവത്കരണവും നവീകരണവും നടപ്പാക്കിവരുന്നുവെന്നും അദ്ദേഹം പറഞ്ഞു . ദൂരദർശൻ, ആകാശവാണി എന്നിവയിലുടനീളം ഉൽപാദന ഉപകരണങ്ങൾ, സ്റ്റുഡിയോ സൗകര്യങ്ങൾ, ട്രാൻസ്മിറ്ററുകൾ, ഡിജിറ്റൽ പ്രക്ഷേപണ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നവീകരിക്കുന്നതിലാണ് പദ്ധതി ഊന്നൽ നൽകിയിരിക്കുന്നത്.

***************************************

## ED – SONIA GANDHI

നാഷണൽ ഹെറാൾഡ് കേസിൽ കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവർക്കെതിരായ കള്ളപ്പണം വെളുപ്പിക്കൽ പരാതി പരിഗണിക്കാൻ വിസമ്മതിച്ച

വിചാരണ കോടതി ഉത്തരവിനെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഡൽഹി ഹൈക്കോടതിയെ സമീപിച്ചു. കേസിൽ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, തുടങ്ങി മറ്റ് അഞ്ച് പേർക്കെതിരായ ഇഡിയുടെ കള്ളപ്പണം വെളുപ്പിക്കൽ കേസ് പരിഗണിക്കാൻ ഡൽഹി കോടതി ചൊവ്വാഴ്ച വിസമ്മതിച്ചിരുന്നു

****************************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

**(ബ്രേക്ക്)**

****************************************

## LSGD OATH

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ നിലവിലെ ഭരണ സമിതികളുടെ കാലാവധി ഇന്ന് അവസാനിക്കും. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ പൂർത്തിയാകും. പുതിയ ഭരണസമിതികളും നാളെ ചുമതല യേൽക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും, വരണാധികാരികളുടേയും മുൻപാകെ മുതിർന്ന അംഗമാണ് ആദ്യം സത്യപ്രതിജ്ഞ ചെയ്യുന്നത്. അധ്യക്ഷ-ഉപാധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിലാണ്.

****************************************

## UNDER-19 ASIA CUP CRICKET

അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ, നാളെ നടക്കുന്ന ഫൈനലിൽ ഇന്ത്യ-പാകിസ്ഥാൻ പോരാട്ടം. നാളെ ദുബായിലാണ് ഫൈനൽ. ഇന്നലെ വൈകുന്നേരം ദുബായിൽ നടന്ന സെമിയിൽ , ശ്രീലങ്കയെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി, പാകിസ്ഥാനുമായുള്ള കിരീട

പോരാട്ടത്തിന് വഴിയൊരുക്കുകയായിരുന്നു ഇന്ത്യ .മഴ കാരണം 20 ഓവറുകളായി ചുരുക്കിയ മത്സരത്തിൽ ഇന്ത്യ, ബാറ്റ് ചെയ്ത ശ്രീലങ്കയെ എട്ട് വിക്കറ്റിന് 138 റൺസിൽ ഒതുക്കി. മറുപടിയായി, 18 ഓവറിൽ രണ്ട് വിക്കറ്റ് മാത്രം നഷ്ടത്തിൽ 139 റൺസ് എന്ന ലക്ഷ്യം ഇന്ത്യ മറികടന്നു.

***********************************

## GEORGE KURIAN

ഇന്ത്യൻ കരകൗശല വസ്തുക്കളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ടുള്ള ഗാന്ധി ശിൽപ ബസാർ - കൊച്ചിൻ ക്രാഫ്റ്റ് ഫെസ്റ്റ് 2025 പ്രദർശന മേളക്ക് ഇന്ന് തുടക്ക മാകും. എറണാകുളത്തെ മറൈൻ ഡ്രൈവിന് സമീപമുള്ള ശിവക്ഷേത്ര ഗ്രൗണ്ടിൽ നടക്കുന്ന പരിപാടി വൈകുന്നേരം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

***********************************

## SPECIAL PROGRAMME

പാർലമെൻറ് പാസാക്കിയ VBG-RAM-G പദ്ധതിയുമായി ബന്ധപ്പെട്ട് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കിയ പ്രത്യേക പരിപാടി ഇന്ന് രാത്രി 8.00 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയിൽ കേന്ദ്ര സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ.ജി ഗോപകുമാർ പങ്കെടുക്കും.

***********************************

## PRESIDENT – SABARIMALA

രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് പ്രമാടം ഇൻഡോർ സ്റ്റേഡിയത്തിൽ നിർമ്മിച്ച താത്ക്കാലിക ഹെലിപ്പാഡുകളുടെ നിർമ്മാണം സംബന്ധിച്ച് അന്വേഷണം നടത്താൻ പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് നിർദേശം നൽകി. വിവരാവകാശ പ്രവർത്തകനായ റഷീദ് ആനപ്പാറ നൽകിയ പരാതിയിലാണ്

അന്വേഷണം നടത്താൻ മന്ത്രി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയത്. കഴിഞ്ഞ ഒക്ടോബർ മാസം 22 നാണ് രാഷ്ട്രപതി ദ്രൗപദി മുർമു ശബരിമല സന്ദർശനത്തിനായി പത്തനംതിട്ടയിലെത്തിയത്.

*********************************************

## RATAN U KELKAR-SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ മാസം 23 ന് പുറത്തിറക്കുന്ന കരട് വോട്ടർ പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ . സംസ്ഥാനത്ത് എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായിട്ടുണ്ട്.

***** ***** **** *************** *********** ***** ************** ***** ******

*********************************************